**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** **12-03-2025 - ൽ മറുപടിയ്ക്ക്**

**കായികക്ഷമതയുള്ള യുവതലമുറ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കായിക ക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും, കായിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് കൂടിയും ഹൂപ്സ്, സ്പ്രിന്റ്, ഹെൽത്തി കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കായിക ക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കായിക ക്ഷമത മിഷൻ. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. നിലവിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ 14 ജില്ലകളിലും എല്ലാ വർഷവും പ്രത്യേക മാനദണ്ഡ പ്രകാരം ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവയിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്തു മികച്ച പരിശീലനം നല്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികളിലെ കായിക താരങ്ങൾക്ക് സൗജന്യമായി താമസ സൗകര്യം, ഭക്ഷണം, സ്പോർട്സ് കിറ്റ്, മെഡിക്കൽ അലവൻസ് എന്നിവ നല്കുന്നുണ്ട്. |
| (ബി) | കായികരംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വിവിധ സംരംഭങ്ങൾ നിലവിലുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>• കിഫ്ബി ഫണ്ടിംഗ് ഉപയോഗിച്ച് 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 44 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി സ്റ്റേഡിയങ്ങളുടെയും വികസനം. |

- എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനം.
- സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി ആവശ്യാനുസരണം നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം.
- രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഖേലോ ഇന്ത്യ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു.

കൂടാതെ, സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും, ഇൻഡോർ കോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീസൗഹൃദ അന്തരീക്ഷവും കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. ലാന്റ് ഡെവലപ്മെന്റ്, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവിലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ, ടോയ്ലറ്റ്, കഫറ്റേരിയ, ചെയിഞ്ചിംഗ് റൂമുകളുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഇത് നടപ്പിൽ വരുന്നതോടെ പ്രാദേശികമായി എല്ലാ

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുകയും അത് കായികക്ഷമതയുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനും യുവതലമുറയെ കായികമേഖലയിലേക്ക് ആകർഷിക്കുന്നതിനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **കായിക വികസന നിധിയിൽ നിന്ന് സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ പ്രകാരം ദേശിയ/അന്തർദേശിയ നിലവാരമുള്ള കായികതാരങ്ങൾക്ക് കായിക മത്സരത്തിൽ പങ്കെടുക്കുന്നതിനും, ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചു വരുന്നുണ്ട്. കൂടാതെ 2028 ലെ ഒളിമ്പിക്സ് ലക്ഷ്യം വെച്ച് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം രൂപം നൽകിയിട്ടുണ്ട്. ദേശിയ/അന്തർദേശീയ തലത്തിൽ നേട്ടങ്ങളുണ്ടാക്കാൻ കഴിവുള്ള കായിക താരങ്ങളെ കണ്ടെത്തി അവരെ രാജ്യാന്തര തലത്തിൽ മികച്ച പ്രകടനം നടത്താൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മികച്ച കായികതാരങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് 10 കായിക താരങ്ങളെ കണ്ടെത്തി ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതം 50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നത്.**<br><br>**കൂടാതെ, സംസ്ഥാനത്തെ കായിക താരങ്ങളെ ദേശീയ അന്തർദേശീയ തലത്തിലേക്കുയർത്തുന്നതിനു വേണ്ടി അതത് കായിക ഇനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ശാസ്ത്രീയമായ പരിശീലന സൗകര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.**<br><br>**അത്‌ലറ്റിക്സ് കായികയിനത്തിൽ പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. അവർക്ക് സായി എൽ.എൻ.സി.പി.ഇ. കാര്യവട്ടം പരിശീലന സെന്ററിൽ മികച്ച പരിശീലനം നൽകി വരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും എലൈറ്റ് പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടുതൽ കായിക ഇനങ്ങളെ** |

| | | | |
|---|---|---|---|
| | | | **എലൈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വെച്ച് നടത്തപ്പെട്ടു.

## സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകി വരുന്നു.

## ഹെൽത്തി കിഡ്സ് പ്രോഗ്രാം

SCERT അംഗീകരിച്ച ഫിസിക്കൽ എജ്യൂക്കേഷൻ കരിക്കുലം ഉപയോഗിച്ച് പ്രൈമറി സ്കൂൾ കുട്ടികളിൽ കായിക അഭിരുചി ഉണ്ടാക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ് പ്രോഗ്രാം. "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി നടപ്പിലാക്കിയിരുന്ന 25 കേന്ദ്രങ്ങൾക്കൊപ്പം 30 പുതിയ കേന്ദ്രങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 28.03.2023 ലെ സ.ഉ (സാധാ)നം.99/23/കാ.യു.വ. പ്രകാരം പദ്ധതിക്കായി 30 സ്കൂളുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 55 സ്കൂളുകളിൽ പദ്ധതി നടത്തി വരുന്നു. തിരഞ്ഞെടുത്ത എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്ന മുറയ്ക്കാണ്

പദ്ധതി നടപ്പിലാക്കുന്നത്. അടുത്ത അദ്ധ്യയന വർഷത്തിൽ പദ്ധതി ആരംഭിക്കുന്നതാണ്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

**ജൂഡോക**

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 10 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു കേന്ദ്രത്തിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള 40 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. ആദ്യ ഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു നൽകിയിട്ടുമുണ്ട്.

**പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിങ് എന്ന കായിക വിനോദത്തെ പരിചയപ്പെടുത്തുന്നതിനും സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡൽ നേടാൻ പ്രാപ്തമാക്കുന്നതിനുമായി, ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി "പഞ്ച്" എന്ന പേരിൽ സംസ്ഥാനത്തെ 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. ബോക്സിങ്ങിനെക്കുറിച്ചുള്ള അറിവും മൂല്യങ്ങളും കേരളത്തിലുടനീളം പ്രചരിപ്പിക്കാൻ സഹായിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. ആദ്യ ഘട്ടം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുകയും തുടർ നടത്തിപ്പിനുള്ള ചുമതല കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു നൽകിയിട്ടുമുണ്ട്.

**ഗോൾ**

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുക എന്നത് ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുളള പദ്ധതിയാണ് ഗോൾ. പ്രസ്തുത പദ്ധതി എല്ലാ നിയോജകമണ്ഡലങ്ങളിലും 140 സെന്ററുകളിലായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദേശം നൽകിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**